**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4792** **02-07-2024 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ചുള്ള ബോധവത്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ മാത്യു ടി. തോമസ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് മദ്യത്തിനും മയക്കുമരുന്നിനും എതിരെ ശക്തമായ ബോധവത്ക്കരണം നടത്തുന്നതിന് യുവജനകാര്യവകുപ്പ് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | (എ) | സംസ്ഥാനത്തെ സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് മദ്യത്തിനും മയക്കുമരുന്നിനും എതിരെ ശക്തമായ ബോധവത്ക്കരണ പരിപാടികൾ യുവജനകാര്യ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്**<br><br>മയക്കുമരുന്നിനെതിരെ നടത്തി വരുന്ന ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി അവളിടം ക്ലബ്ബുകളുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും '**ഉയിർപ്പ്**' എന്ന പേരിൽ ലഹരിവിരുദ്ധ കലാജാഥ സംഘടിപ്പിച്ചു. ഫ്ലാഷ് മോബ്, സംഗീതശിൽപം, നാടകം, തെരുക്കൂത്ത്, മയക്കുമരുന്നിനെതിരായ ലഘുലേഖ വിതരണം, പ്രഭാഷണം എന്നിവ ഉൾപ്പെടെ ഒരു മണിക്കൂറോളം നീളുന്ന കലാപരിപാടികളാണ് കലാ ജാഥയിൽ ഉൾപ്പെടുത്തിയിരുന്നത്. 14 ജില്ലകളിലും നിയമസഭാ മണ്ഡലങ്ങളിലെ സ്കൂൾ, കോളേജ്, പൊതുയിടങ്ങൾ എന്നിവ കേന്ദ്രമാക്കി മയക്കുമരുന്നിനെതിരെയുള്ള ബോധവൽക്കരണ പരിപാടി കലാജാഥയിലൂടെ യുവജനക്ഷേമ ബോർഡ് സംഘടിപ്പിക്കുകയുണ്ടായി.<br><br>**കേരള സംസ്ഥാന യുവജന കമ്മീഷൻ**<br><br>സംസ്ഥാനത്ത് യുവജനങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്ന മദ്യം, മയക്കുമരുന്ന്, പുകയില ഉത്പന്നങ്ങൾ, നിരോധിക്കപ്പെട്ട മറ്റ് ലഹരി പദാർത്ഥങ്ങൾ എന്നിവയുടെ ഉപയോഗം തടയുന്നതിനായി കേരള സംസ്ഥാന യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ കോളേജുകൾ, വായനശാലകൾ, സാംസ്കാരിക നിലയങ്ങൾ, ജയിലുകൾ തുടങ്ങിയ വിവിധ ഇടങ്ങളിൽ |

| | | | |
|---|---|---|---|
| | | | യുവജനങ്ങൾക്കുള്ള ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ലഹരി ഉപയോഗത്തിനെതിരെയുള്ള പ്രവർത്തനത്തിന്റെ ഭാഗമായി സംസ്ഥാനത്തെ വിവിധ കോളേജുകളെ ഏകോപിപ്പിച്ചുകൊണ്ട് യുവജനങ്ങളുടെ പങ്കാളിത്തം ഉറപ്പ് വരുത്തി ലഹരിക്കെതിരെ 'ബോധവത്ക്കരണ കലാജാഥയും, ഹ്രസ്വ ചിത്രമത്സരവും' സംഘടിപ്പിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ